കോട്ടയം നാഷണൽ റബ്ബർ ഫാക്ടറി.

* 486. [22] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നാഷണൽ റബ്ബർ ഫാക്ടറിയിൽ ഉണ്ടായ തീപിടിത്തംമൂലം എത്ര ലക്ഷം രൂപ നഷ്ടം ഉണ്ടായിട്ടുണ്ട് ;

(ബി) പ്രസ്തുത ഫാക്ടറി വീണ്ടും പ്രവർത്തനം തുടങ്ങിയോ ;

(സി) ഇല്ലെങ്കിൽ അവിടെ ഇന്ന് എത്ര തൊഴിലാളികൾ ജോലിയില്ലാതായിട്ടുണ്ട് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉദ്ദേശം പതിനാറു ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദ്ദേശം നാന്നൂറോളം പേർക്ക്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ആ ഫാക്ടറിയിലുണ്ടായ തീപിടുത്തത്തെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഗവണ്മെന്റു ലവലിൽ ഒരു അന്വേഷണവും നടത്തിയിട്ടില്ല.

WRITTEN ANSWERS.

മിശ്രവിവാഹിതർക്ക് സാമ്പത്തികസഹായം.

* 487. [23] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിശ്രവിവാഹിതർക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽനിന്നും സാമ്പത്തികസഹായം നൽകുന്നതിനുള്ള പദ്ധതി അനുസരിച്ചു പദ്ധതി തുടങ്ങിയതിനുശേഷം ഇതുവരെ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(ബി) ധനസഹായം നൽകിയിട്ടുള്ളതു് ഏതേതു ഡിസ്ട്രിക്ടിൽ ഏതേതു വ്യക്തികൾക്ക് എത്ര തുക വീതമെന്നു് വ്യക്തമാക്കുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 1962-63-ൽ 20 ദമ്പതികൾക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

(ബി) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.* 500 രൂപ വീതമാണു് ഓരോ കുടുംബത്തിനും കൊടുക്കുന്നതു്.

ടെക്സ്റ്റയിൽ മില്ലുകളുടെ കെട്ടിടം പണി.

* 488. [25] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന എത്ര ടെക്സ്റ്റയിൽ മില്ലുകളുടെ കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട് ; എവിടെയെല്ലാം ;

(ബി) സ്ഥലം വാങ്ങുകയോ കെട്ടിടംപണി ആരംഭിക്കുകയോ ചെയ്തിട്ടില്ലാത്ത എത്ര എണ്ണം ഉണ്ട് ;

* Appendix III.

LIBRARY ARCHIVES Kerala Legislative Assembly